(ഡി) എങ്കിൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ ;

(ഇ) ടൂറിസ്റ്റ് കേന്ദ്രമായ കോട്ടയിൽ കോയിലകത്തു നിന്നും കോട്ടുവള്ളി സൗത്തിൽ നിന്നും എറണാകുളത്തേക്കും തിരുവനന്തപുരത്തേക്കും പുതിയ സർവ്വീസ് അനുവദിക്കാൻ നടപടി ഉണ്ടാകുമോ ?

ഉത്തരം

(എ) ബസ്സുകളുടെ ലഭ്യത മെച്ചപ്പെടുന്നതോടെ കൂടുതൽ സർവ്വീസുകൾ ഓപ്പറേറ്റ് ചെയ്യുന്നതാണ്.

(ബി) ഉണ്ട്. രണ്ടു പുതിയ ബസ്സുകൾ ഉൾപ്പെടെ മൂന്നു ബസ്സുകൾ പറവൂർ ഡിപ്പോയ്ക്ക് നൽകിയിട്ടുണ്ട്. ബസ്സുകളുടെ ലഭ്യതയനുസരിച്ച് കൂടുതൽ ബസ്സുകൾ നൽകുന്നതാണ്.

(സി) ഉണ്ട്.

(ഡി) പറവൂരിലെ ചില ഷെഡ്യൂളുകൾ പരിഷ്ക്കരിച്ച് ഓപ്പറേറ്റ് ചെയ്യുന്നതാണ്. ബസുകളുടെ ലഭ്യത മെച്ചപ്പെടുന്നതോടെ കൂടുതൽ ബസ് അനുവദിച്ച് സർവ്വീസുകൾ കൃത്യമായി നടത്തുന്നതാണ്.

(ഇ) ഇപ്പോൾ അനുഭവപ്പെടുന്ന ബസ്സുകളുടെ ദൗർലഭ്യംമൂലം പുതിയ സർവ്വീസുകൾ അനുവദിക്കുവാൻ കഴിയുകയില്ല.

പുത്തൻകുരിശിലുള്ള സ്റ്റേഷൻമാസ്റ്റർ ഓഫീസ്

104 (1159) ശ്രീ. എം. പി. വർഗ്ഗീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുത്തൻകുരിശിലുള്ള സ്റ്റേഷൻമാസ്റ്റർ ഓഫീസ് തുറന്നു പ്രവർത്തിക്കുന്നതിനുള്ള നടപടി എന്തായി എന്നു അറിയിക്കാമോ ;

(ബി) എന്നത്തേക്ക് പ്രവർത്തനം തുടങ്ങാൻ കഴിയുമെന്ന് വെളിപ്പെടുത്താമോ ;

(സി) ബസ് ഡിപ്പോയോ സ്റ്റേഷൻമാസ്റ്റർ ഓഫീസോ പ്രവർത്തിപ്പിക്കാൻ കെ.എസ്.ആർ.ടി.സി ക്ക് കഴിയില്ലെങ്കിൽ പ്രസ്തുത സ്ഥലം പുത്തൻകുരിശ് വടവ്കോട് ഗ്രാമപഞ്ചായത്തിനു കൈമാറാനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) നടപടി ഒന്നും തന്നെ സ്വീകരിച്ചിട്ടില്ല. എസ്.എം. ഓഫീസിന്റെ അറ്റകുറ്റപ്പണികൾ നടത്തുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) വ്യക്തമായി പറയാൻ കഴിയുകയില്ല.

(സി) സ്ഥലം കൈമാറ്റം നടത്താൻ ഉദ്ദേശിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly